റബ്ബർ ഷീറ്റ് മോഷ്ടാക്കൾ പിടിയിൽ. കീരംപാറ ചേലാട് കരിങ്ങഴ ഭാഗത്ത് മഠത്തിൽ വീട്ടിൽ സജിത് (20) നെല്ലിക്കുഴി കമ്പനിപ്പടി ഭാഗത്ത് വാടകയ്ക്ക് താമസിക്കുന്ന പിണ്ടിമന മന്നാം മലയിൽ വീട്ടിൽ ഗോകുൽ(20) എന്നിവരെയാണ് ഊന്നുകൽ പോലീസ് അറസ്റ്റ് ചെയ്തത്. പൈമറ്റം സ്വദേശിയുടെ വീടിനടുത്ത് സ്റ്റോറിൽ സൂക്ഷിച്ചിരുന്ന മുപ്പതു കിലോയോളം റബർ ഷീറ്റും , നെടുംപാറ സ്വദേശിയുടെ റബർ തോട്ടത്തിലെ ഷെഡിൽ നിന്നും ഒട്ടുപാലുമാണ് ഇവർ മോഷ്ടിച്ചത്.